(സി) തിരുവനന്തപുരം ജില്ലയിലെ മറ്റ് ഡിപ്പോകളിൽ നിന്നും മേൽ പ്രസ്താവിച്ച കാലയളവിൽ പുതുതായി കഴക്കൂട്ടത്തേക്ക് എത്ര ഷെഡ്യൂളുകൾ ആരംഭിച്ചു; ഏതൊക്കെ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ ഏക ഡിപ്പോ ആയ കണിയാപുരത്ത് നിന്ന് 2001 മേയ് മാസം മുതൽ 2005 മേയ് മാസം വരെ കെ. എസ്. ആർ. ടി. സി. താഴെപ്പറയുന്ന 15 പുതിയ ഷെഡ്യൂളുകൾക്ക് അനുമതി നൽകുകയുണ്ടായി. കണിയാപുരത്ത് നിന്നും പോത്തൻകോടിലേക്ക് മൂന്നും, നെടുമങ്ങാട് രണ്ടും, കോട്ടയത്തേയ്ക്കും പൂവാറിലേയ്ക്കും ഓരോ ഫാസ്റ്റ് പാസഞ്ചർ സർവീസും, ആര്യനാട്, കളിയിക്കാവിള എന്നിവിടങ്ങളിലേക്ക് ഓരോ ഓർഡിനറി സർവീസും വാടയിൽമുക്ക്—കരിച്ചാറ കടവ്, ഗാന്ധിപുരം—മെഡിക്കൽ കോളേജ്, വിളയിൽകുളം—മലമേൽപറമ്പ്, കല്ലിംഗൽ—കിഴക്കേകോട്ട, കീഴുവൂർ—പോത്തൻകോട്, മുരുക്കുംപുഴ—മുല്ലശ്ശേരി, കൊച്ചുകൊടുങ്ങല്ലൂർ—പെരുമാതുറ എന്നീ റൂട്ടുകളിലേക്ക് ഓരോ മിനി ബസ് സർവീസുകൾക്കുമാണ് ഇപ്രകാരം അനുമതി നൽകിയത്.

(ബി) 2001 മേയ് മാസത്തിൽ 50 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. ഇപ്പോൾ 58 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നു.

(സി) 10 സർവ്വീസുകൾ പുതുതായി ആരംഭിച്ചു. (1) തിരുവനന്തപുരം സിറ്റി—ഈഞ്ചക്കൽ ബൈപാസ്, കഴക്കൂട്ടം. (2) വികാസ് ഭവൻ—പട്ടം മെഡിക്കൽ കോളേജ്—അണ്ടൂർകോണം—കാര്യവട്ടം—കഴക്കൂട്ടം (3) വികാസ് ഭവൻ—കേശവദാസപുരം—ചെമ്പഴന്തി—പോത്തൻകോട് (4) വികാസ് ഭവൻ—പട്ടം—മെഡിക്കൽ—കോളേജ്—കുളത്തൂർ—കഴക്കൂട്ടം (5) വികാസ് ഭവൻ—കേശവദാസപുരം—കാര്യവട്ടം—കഴക്കൂട്ടം (6) ആറ്റിങ്ങൽ—മുതലപ്പൊഴി (7) ആറ്റിങ്ങൽ—കേശവദാസപുരം—തിരുവനന്തപുരം (8) ആറ്റിങ്ങൽ—മെഡിക്കൽ കോളേജ്—തിരുവനന്തപുരം (9) ആറ്റിങ്ങൽ—ചിറയൻകീഴ്—കണിയാപുരം (10) ആറ്റിങ്ങൽ—മെഡിക്കൽ കോളേജ്—തിരുവനന്തപുരം.

കോഴിക്കോട് മാവൂർ റൂട്ടിൽ കെ. എസ്. ആർ. ടി. സി. ചെയിൻ സർവ്വീസ് പുനരാരംഭിക്കാൻ നടപടി

94 [2231] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാവൂർ റൂട്ടിൽ കെ. എസ്. ആർ. ടി. സി. ചെയിൻ സർവ്വീസ് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റൂട്ടിൽ നിലവിൽ ഒരു കെ. എസ്. ആർ. ടി. സി. ബസ് പോലും ഓടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ റൂട്ടിൽ ഓടുന്ന പ്രൈവറ്റ് ബസ്സുകളുടെ മിന്നൽ പണിമുടക്ക് മൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഈ റൂട്ടിൽ നിലവിലുണ്ടായിരുന്ന കെ. എസ്. ആർ. ടി. സി. ചെയിൻ സർവ്വീസ് പുനരാരംഭിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ ഇത് എന്നത്തേയ്ക്ക് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മാവൂർ വഴി മുക്കത്തേയ്ക്ക് ഒരു മിനി ബസ് സർവ്വീസ് നിലവിൽ ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഈ റൂട്ടിൽ പ്രൈവറ്റ് ബസ്സുകളും കൂടുതൽ സർവ്വീസ് നടത്തുന്നതിനാൽ കെ. എസ്. ആർ. ടി. സി. സർവ്വീസുകളും നഷ്ടത്തിലാകുന്നതും അതുമൂലം കെ. എസ്. ആർ. ടി. സി.-യുടെ പല സർവ്വീസുകളും നിർത്തൽ ചെയ്യേണ്ടതായും വന്നു. ആയതിനാൽ നിർത്തൽ ചെയ്ത സർവ്വീസുകളും പുനരാരംഭിക്കുവാൻ തൽക്കാലം നിർവ്വാഹമില്ല.

കോഴിക്കോട് നിന്നും ബാലുശ്ശേരി—പനങ്ങാട് നേരേത്ത് കുറുമ്പൊയിൽ—വയലട റൂട്ടിൽ പുതിയ റൂട്ട് ആരംഭിക്കുന്നതിന് നടപടി

95 [2232] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) കോഴിക്കോട് നിന്നും ബാലുശ്ശേരി-പനങ്ങാട് നേരേത്ത് കുറുമ്പൊയിൽ—വയലട വഴി പുതിയ ബസ് റൂട്ട് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(സി) ഈ റൂട്ടിൽ ബസ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ ആൻറ് ബി) ഈ റൂട്ടിൽ കെ. എസ്. ആർ. ടി. സി. ഒരു പുതിയ സർവ്വീസ് ആരംഭിച്ചു കഴിഞ്ഞു.

(സി) ഉണ്ട്.

തിരുവനന്തപുരം—മുനമ്പം ബസ് സർവ്വീസ് പുനരാരംഭിക്കുവാൻ നടപടി

96 [2233] ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ നിയോജകമണ്ഡലത്തിലെ മുനമ്പത്തു നിന്നും തിരുവനന്തപുരത്തേയ്ക്ക് കെ. എസ്. ആർ. ടി. സി.-യുടെ ബസ് സർവ്വീസ് പുനരാരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വീസ് അടിയന്തിര പ്രാധാന്യം നൽകി പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly